**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 15** **07-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ഉരുൾപൊട്ടൽ ദുരന്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ഉരുൾപൊട്ടലിന് കാരണം സംസ്ഥാന സർക്കാരിന്റെ തെറ്റായ നയങ്ങളാണെന്ന് പ്രചരിപ്പിക്കാൻ കേന്ദ്രസർക്കാർ ഗൂഢാലോചന നടത്തിയെന്ന മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമാനതകളില്ലാത്ത ദുരന്തത്തിന്റെയും പ്രതിസന്ധിയുടെയും സമയത്ത് കേരളീയർക്കെതിരെ നടത്തിയ നൈതികമല്ലാത്ത രാഷ്ട്രീയ ഗൂഢാലോചനയാണിതെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ചില പത്രറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനേകം മനുഷ്യരുടെ ജീവനെടുത്ത, അതിലുമേറെപ്പേരുടെ ജീവിതങ്ങളെ അസന്നിഗ്ധതയിലേയ്ക്ക് തള്ളിവിട്ട, ഒരു പ്രദേശത്തെ നാമാവശേഷമാക്കിയ പ്രകൃതി ദുരന്തത്തിന്റെ മാനസികാഘാതത്തിൽ നിന്നും കേരളം ഇനിയും മോചിതരായിട്ടില്ല. കൂട്ടായ ആലോചനയിലൂടെ, ശാസ്ത്രീയ സമീപനത്തിലൂടെ, മെച്ചപ്പെട്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ മാത്രമേ ഇത്തരം സാഹചര്യങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ കൃത്യമായി നൽകാനാവൂ. കാലാവസ്ഥ വ്യതിയാനവും ഭൗമതാപനവും ഉൾപ്പെടെയുള്ള ആഗോള പ്രതിസന്ധികൾ രൂക്ഷമായിരിക്കുന്ന സന്ദർഭത്തിൽ മനുഷ്യരാശിയുടെ ഏറ്റവും പ്രധാനപ്പെട്ട അതിജീവന പ്രശ്നമാണിതെന്ന് എല്ലാവരും മനസ്സിലാക്കേണ്ടതുണ്ട്. ചിലരെങ്കിലും മറ്റ് താല്പര്യങ്ങൾക്കായി ഇത്തരം സാഹചര്യങ്ങളെ ഉപയോഗിക്കുന്നത് അത്യധികം ദൗർഭാഗ്യകരമാണ്. |
| (ബി) | കാലാവസ്ഥാ വ്യതിയാനത്തെ തുടർന്നാണ് വയനാട്ടിലുണ്ടായ ഉരുൾപൊട്ടൽ രൂക്ഷമായതെന്ന് വേൾഡ് വെതർ ആട്രിബ്യൂഷനിലെ (ഡബ്ല്യു.ഡബ്ല്യു.എ.) ശാസ്ത്രജ്ഞരടങ്ങുന്ന സംഘം കണ്ടെത്തിയിട്ടുണ്ടോ; കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കനത്ത മഴ ഭാവിയിലും മണ്ണിടിച്ചിലിനുള്ള സാധ്യത വർദ്ധിപ്പിക്കുമെന്ന് ഡബ്ല്യു.ഡബ്ല്യു.എ. പഠനം ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കണ്ടെത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലം ലോകത്തിൽ കഴിഞ്ഞ 45 വർഷകാലയളവിൽ പ്രതിദിനം ലഭ്യമാകുന്ന മഴയുടെ തീവ്രത ഏകദേശം 17% വർധിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ കാലയളവിൽ കാലാവസ്ഥ 0.85°C താപനിലയിൽ ഉയർന്നു എന്നും ഇത്തരം കാലാവസ്ഥ വ്യതിയാനങ്ങൾ ഭാവിയിൽ ഉരുൾപൊട്ടൽ സാദ്ധ്യതകൾ കൂട്ടാൻ സാധ്യത ഉണ്ടെന്നും വേൾഡ് വെതർ അട്രിബ്യൂഷൻ (WWA) പഠനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) | വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി | (സി) | അടിസ്ഥാന സൗകര്യ വികസന പ്രക്രിയയിൽ ദുരന്തം തടയുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള നടപടികൾ |

| | | | |
|---|---|---|---|
| | ദുരന്തനിവാരണ മാർഗരേഖ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി സമഗ്ര പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | | സംയോജിപ്പിക്കുന്ന പ്രക്രിയക്കായി ദുരന്ത നിവാരണ നിയമം, 2005 സെക്ഷൻ 22 (2) (h) പ്രകാരം വിശദമായ നടപടി ക്രമം. 18-12-2023 ലെ ഡിഎംബി1/82/2023/ഡിഎംഡി പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ മുന്നോട്ട് വയ്ക്കുന്ന ഏജൻസികൾ മേൽ നടപടിക്രമം പ്രകാരമുള്ള ചെക്ക് ലിസ്റ്റ് പരിശോധിച്ച് ഉറപ്പാക്കണം. ദുരന്തം തടയുന്നതിനും ലഘൂകരിക്കുന്നതിനുമുള്ള ഇൻഡ്യൻ സ്റ്റാന്റേർഡ് കോഡ്, വിവിധ മാർഗ്ഗ നിർദേശങ്ങൾ എന്നിവ പാലിച്ചാണ് പ്രൊപ്പോസൽ എന്നത് ഉറപ്പ് വരുത്തേണ്ടതുണ്ട്.<br><br>ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി സമഗ്ര പാക്കേജ് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ദുരന്തബാധിതരുടെ ആവശ്യങ്ങൾ പരിഗണിച്ചും വിദഗ്ദ്ധ സമിതിയുടെ ശുപാർശയുടെയും അടിസ്ഥാനത്തിലും മേപ്പാടി പഞ്ചായത്തിലെ നെടുമ്പാല എസ്റ്റേറ്റിലും, കൽപ്പറ്റ മുനിസിപാലിറ്റിയിലെ എൽസ്റ്റോൺ എസ്റ്റേറ്റിലും ടൗൺഷിപ്പ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനും തത്വത്തിൽ അംഗീകാരം നല്കിയിട്ടുണ്ട്.<br><br>ഭൂമി പ്ലോട്ടുകൾ തിരിച്ച് ശ്രദ്ധാപൂർവ്വവും സുസ്ഥിരവുമായ രീതിയിൽ ഭവന നിർമ്മാണം നടത്താനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ആന്തരിക റോഡുകൾ, അംഗൻവാടി, സ്കൂൾ, പോസ്റ്റ് ഓഫീസ്, ആരോഗ്യ ക്ലിനിക്ക്, മാലിന്യ സംസ്കരണ മേഖല, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റ് സാമൂഹിക പശ്ചാത്തലങ്ങൾ അടക്കമുള്ള മറ്റ് സൗകര്യങ്ങൾ ടൗൺഷിപ്പിൽ ഒരുക്കേണ്ടതായിട്ടുമുണ്ട്. നിർദ്ദിഷ്ട ടൗൺഷിപ്പിന്റെ മാതൃക, layout എന്നിവ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | വയനാട് ഉരുൾപൊട്ടൽ സംബന്ധിച്ച മുന്നറിയിപ്പ് കേന്ദ്ര സർക്കാർ യഥാസമയം സംസ്ഥാനത്തിന് നൽകിയിട്ടുണ്ടോ; വയനാട്ടിൽ മനുഷ്യ ഇടപെടലുകൾ ഒന്നുമില്ലാത്ത സ്ഥലത്തുണ്ടായ ഉരുൾപൊട്ടൽ ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ ദുരന്ത സാധ്യത സംബന്ധിച്ച അറിവ്, അവയുടെ സാധ്യത സംബന്ധിച്ച പ്രവചനം എന്നിവ നൽകാൻ രാജ്യത്ത് ചുമതലപ്പെടുത്തിയിരിക്കുന്നത് ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയെന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. GSI കേരളത്തിൽ ഉരുൾപൊട്ടൽ മുന്നറിയിപ്പ് പരീക്ഷണാടിസ്ഥാനത്തിൽ നൽകി വരുന്നത് വയനാട് ജില്ലക്ക് മാത്രമാണ്. അങ്ങനെ പരീക്ഷണാടിസ്ഥാനത്തിൽ 2024 ജൂലൈ 29 ന് ഉച്ചക്ക് 2 മണിക്ക് GSI ലഭ്യമാക്കിയ മുന്നറിയിപ്പ് പ്രകാരം വയനാട് ജില്ലക്കും ജില്ലയിലെ വൈത്തിരി |

ഉൾപ്പെടെ 3 താലൂക്കുകൾക്കും അടുത്ത 2 ദിവസത്തേക്ക് 'പച്ച്' അലെർട്ട് അഥവാ ഉരുൾപൊട്ടൽ ഉണ്ടാകാനുള്ള ഏറ്റവും കുറഞ്ഞ സാധ്യത മാത്രമാണ് നൽകിയിരുന്നത്. അതായത് ജൂലൈ 29 ന് ഉച്ചക്ക് 2 മണി വരെയോ അതിന്റെ മുന്നേയുള്ള ദിവസങ്ങളിലോ ജൂലൈ 29, 30 തീയതികളിൽ ഔദ്യോഗിക സംവിധാനങ്ങളിൽ നിന്ന് ഉരുൾപൊട്ടൽ പ്രവചിക്കപ്പെട്ടിട്ടില്ല.

മഴയുടെ കാര്യത്തിൽ പ്രവചനം നൽകാൻ ഉത്തരവാദിത്വപ്പെട്ട ഏജൻസി കേന്ദ്ര കാലാവസ്ഥ വകുപ്പാണ്. ഓരോ ദിവസവും ജില്ലാടിസ്ഥാനത്തിലുള്ള അടുത്ത 5 ദിവസത്തേക്കുള്ള മഴ പ്രവചനമാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നത്. ഇതുപ്രകാരം ജൂലൈ 27 ന് പുറപ്പെടുവിച്ച 5 ദിവസത്തെ മഴ സാധ്യത പ്രവചനപ്രകാരം ജൂലൈ 28 ന് വയനാട് ജില്ലക്ക് മഞ്ഞ അലേർട്ടും കോഴിക്കോട് ജില്ലക്ക് ഓറഞ്ച് അലേർട്ടും നൽകിയിരുന്നു. ജൂലൈ 28 ന്റെ പ്രവചനത്തിലും മുന്നറിയിപ്പ് അതേപടി തുടരുകയും ജൂലൈ 29, 30 തീയതികളിലേക്ക് വയനാട് ജില്ലക്ക് മഞ്ഞ അലേർട്ട് മാത്രം നൽകുകയും ചെയ്തു. ജൂലൈ 29 ന് ഉച്ചക്ക് പുറപ്പെടുവിച്ച പ്രവചനപ്രകാരം വയനാട് ജില്ലയ്ക്ക് അന്നേ ദിവസത്തേക്ക് മാത്രമായി ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചു. 24 മണിക്കൂറിൽ 115 നും 204 മില്ലിമീറ്ററിനും ഇടയിൽ മഴ ലഭിക്കുമെന്ന് പ്രതീക്ഷിക്കാമെന്നാണ് ഓറഞ്ച് അലെർട്ട് വഴി കേന്ദ്ര കാലാവസ്ഥ വകുപ്പ് സംസ്ഥാനത്തെ അറിയിച്ചത്. എന്നാൽ കാലാവസ്ഥ വകുപ്പ് മഞ്ഞ അലേർട്ട് മാത്രം നൽകിയിരുന്ന ആദ്യത്തെ 24 മണിക്കൂറിനുള്ളിൽ 200 മില്ലി മീറ്ററും അടുത്ത 24 മണിക്കൂറിനുള്ളിൽ 372 മില്ലിമീറ്റർ മഴയാണ് ഈ പ്രദേശത്തു ആകെ പെയ്തത്. എല്ലാ പ്രവചനങ്ങളേയും അപ്രസക്തമാക്കി കൊണ്ടാണ് അതിശക്തമായ മഴ പെയ്തത്. കാലാവസ്ഥ വകുപ്പിന്റെ ഏറ്റവും ഉയർന്ന മുന്നറിയിപ്പായ റെഡ് അലെർട്ട് പ്രഖ്യാപിക്കുന്നത് ചൂരൽമലയിൽ ഉരുൾപൊട്ടിയ ശേഷം പുലർച്ചെ 6 മണിയോട് കൂടി മാത്രമായിരുന്നു.

രാജ്യത്തെ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ ഏറ്റവും വലിയ ഉരുൾപൊട്ടലുകളുടെ ഗണത്തിലാണ് ഈ ദുരന്തം രേഖപ്പെടുത്തപ്പെട്ടത്. രാജ്യത്തെയും, വിദേശ രാജ്യങ്ങളിലേയും ശാസ്ത്രജ്ഞർ ചേർന്ന് പ്രസിദ്ധീകരിച്ച ശാസ്ത്ര ലേഖനത്തിൽ 5.72 ദശലക്ഷം ഘന മീറ്റർ അവശിഷ്ടങ്ങൾ ആണ് മണിക്കൂറിൽ 100 കിലോമീറ്റർ വേഗതയിൽ ഒഴുകി എത്തിയത് എന്ന്

| | | | |
|---|---|---|---|
| | | | കണക്കാക്കിയത്. 32 മീറ്റർ വരെ ഉയരത്തിൽ അവശിഷ്ടങ്ങൾ ഒഴുകി.<br><br>കാലാവസ്ഥാ വ്യതിയാനം മൂലം പ്രാദേശികമായി ഉണ്ടാകുന്ന അതിതീവ്ര മഴ ഈ ഉരുൾപൊട്ടലിന് കാരണമായി എന്നും അന്താരാഷ്ട്ര പഠനങ്ങൾ ചൂണ്ടികാണിക്കുന്നു. സംസ്ഥാനത്തുണ്ടാകുന്ന ഉരുൾപ്പൊട്ടൽ സംബന്ധിച്ച് വിശദമായ പഠനങ്ങൾ 1999 മുതൽ നടന്നിട്ടുണ്ട്. ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ എന്തുകൊണ്ട് ഉണ്ടാകുന്നുവെന്നത് സംബന്ധിച്ച വിശദമായ പഠനങ്ങളും നടന്നിട്ടുണ്ട്. മേപ്പാടിയിൽ ഉണ്ടായ മഹാദുരന്തത്തിന്റെ കാര്യകാരണങ്ങൾ IISER Mohali, IIT Roorkey, Kerala University, KUFOS, British Geological Survey of India, University of Mississippi, University of Hydrabad, Geological Survey of India, KSDMA എന്നിവിടങ്ങളിലെ ശാസ്ത്രജ്ഞർ ചേർന്ന് Authorea എന്ന സ്വതന്ത്ര ഓൺലൈൻ ശാസ്ത്രലേഖന ശേഖരത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ